"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ നീലേശ്വരം മുക്കോണിമുക്ക് ജംഗ്ഷനിൽ ടിപ്പർ ലോറി മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ.(കൈ) നം.194/2026/RD തീയതി,തിരുവനന്തപുരം, 25-06-2026

---

പരാമർശം:- 23.06.2026 തീയതിയിലെ കൊല്ലം ജില്ലാ കളക്ടറുടെ DCKLM/6461/2026-N4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ നീലേശ്വരത്ത് നിന്നും കൊട്ടാരക്കരയിലേക്ക് പോകുന്ന റോഡിൽ മുക്കോണിമുക്ക് ജംഗ്ഷനിൽ നിന്നവരുടെ മുകളിലേക്ക് 23.06.2026 ന് രാവിലെ മണ്ണ് നിറച്ച ടിപ്പർലോറി മറിഞ്ഞുണ്ടായ അപകടത്തിൽ മൂന്നുപേർ മരണപ്പെട്ടതായും വാഹനം ഓടിച്ചിരുന്നയാൾ ഉൾപ്പെടെ അഞ്ച് പേർക്ക് പരിക്ക് പറ്റിയതായും, പെർമിറ്റും ഫിറ്റ്നസും മറ്റ് അനുമതികളും ഉണ്ടായിരുന്ന വാഹനം അമിതവേഗതയിലായിരുന്നെന്നും പരാമർശം പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി ധനസഹായം അനുവദിക്കുന്നതിനായും കൊല്ലം ജില്ലാ കളക്ടർ പരാമർശം പ്രകാരം ശിപാർശ ചെയ്തിരുന്നു. അപകടത്തിൽ മരണപ്പെട്ടവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ഹരിലാൽ S/o വിശ്വംഭരൻ, 54 വയസ്സ്, ലക്ഷ്മി കോട്ടേജ്, മാത്രൂർ ഓടനാവട്ടം
2. പാർത്ഥിപൻ S/o പ്രദീപ്, 15 വയസ്സ്, പ്രീതാഭവൻ, മുക്കോണിമുക്ക് നീലേശ്വരം
3.അജയകുമാർ S/o ഗണപതി ആചാരി, 45 വയസ്സ്, അനഘാ ഭവൻ, നെടുവത്തൂർ

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ നീലേശ്വരം മുക്കോണിമുക്ക് ജംഗ്ഷനിൽ ഉണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചും, പരിക്കേറ്റവരുടെ മുഴുവൻ ചികിത്സാചിലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ

ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി.
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
പൊതുഭരണ(SC) വകുപ്പ് (24.06.2026 ലെ ഇനം നം.51 O.A. പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Ajitha V V**
**Date: 25-06-2026 17:33:17**

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുഭരണ (എസ്.സി) വകുപ്പ്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. & സി.എ യ്ക്ക്